# Prime Ministers of India and Singapore to witness the launch of Real-time Payment Systems Linkage between the two countries

February 20, 2023

# ഇരു രാജ്യങ്ങളും തമ്മിലുള്ള തത്സമയ പേയ്മെന്റ് സിസ്റ്റംസ് ലിങ്കേജ് ആരംഭിക്കുന്നതിന് സാക്ഷ്യം വഹിക്കാൻ ഇന്ത്യയുടെയും സിംഗപ്പൂരിലെയും പ്രധാനമന്ത്രിമാർ

2023 ഫെബ്രുവരി 20

പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയും സിംഗപ്പൂർ പ്രധാനമന്ത്രി ലീ സെയ്ൻ ലൂങ്ങും ഇന്ത്യയുടെ യുപിഐ - സിംഗപ്പൂരിന്റെ പേ നൗ ഡിജിറ്റൽ പണമിടപാട് സൗകര്യങ്ങൾ ബന്ധിപ്പിക്കുന്ന ചടങ്ങിന് സാക്ഷ്യം വഹിക്കും. ഫെബ്രുവരി 21ന് രാവിലെ 11ന് വിദൂരദൃശ്യസംവിധാനത്തിലൂടെയാണ് ചടങ്ങ്. റിസർവ് ബാങ്ക് ഗവർണർ ശ്രീ. ശക്തികാന്ത ദാസ്, മോണിറ്ററി അതോറിറ്റി ഓഫ് സിംഗപ്പൂർ (എംഎഎസ്) മാനേജിങ് ഡയറക്ടർ രവി മേനോൻ എന്നിവർ ചേർന്നാണ് പുതിയ സംവിധാനം അവതരിപ്പിക്കുന്നത്.

സാമ്പത്തിക മേഖലയിലെ സാങ്കേതിക പരിഷ്കരണങ്ങളിൽ ആഗോള തലത്തിൽ തന്നെ വളരെ വേഗം മുന്നോട്ട് കുതിക്കുന്ന രാജ്യമാണ് ഇന്ത്യ. ഇന്ത്യയിലെ ഡിജിറ്റൽ പണമിടപാട് സേവന മേഖലയെ ആഗോള തലത്തിൽ തന്നെ മുൻപന്തിയിലെത്തിക്കുന്നതിന് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ദീർഘവീക്ഷണത്തോടെയുള്ള ഇടപെടൽ നിർണായകമായിരുന്നു. യുപിഐ സേവനങ്ങളുടെ നേട്ടം ഇന്ത്യക്കും ഇന്ത്യക്കാർക്കും മാത്രമായി പരിമിതപ്പെടരുതെന്നും മറ്റ് രാജ്യങ്ങളും ഇതിന്റെ നേട്ടം അനുഭവിക്കണമെന്നതും പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടാണ്. യുപിഐ - പേ നൗ സേവനങ്ങൾ ബന്ധിപ്പിക്കുന്നതിലൂടെ വളരെ വേഗത്തിലും കുറഞ്ഞ ചിലവിലും ഇരുരാജ്യങ്ങളിൽ ഉള്ളവർക്ക് പരസ്പരം സാമ്പത്തിക ഇടപാടുകൾ നടത്താൻ കഴിയും. സിംഗപ്പൂരിലെ ഇന്ത്യൻ തൊഴിലാളികൾ, വിദ്യാർഥികൾ എന്നിവർക്ക് ഇതിലൂടെ വലിയ പ്രയോജനം ലഭിക്കും. ഈ നടപടിയിലൂടെ വളരെ വേഗത്തിലും കുറഞ്ഞ ചിലവിലും ഇന്ത്യയിൽ നിന്ന് സിംഗപ്പൂരിലേക്കും തിരിച്ചും പണമിടപാട് നടത്താൻ കഴിയും.

ന്യൂ ഡെൽഹി

2023 ഫെബ്രുവരി 20

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.